# <u>കോളേജ് വിദ്യാഭ്യാസ  വകുപ്പ് ഡയറക്ടറുടെ നടപടിക്രമം</u>

കോളേജ് വിദ്യാഭ്യാസ വകുപ്പ്  - ജീവനക്കാര്യം  - കോഴിക്കോട് കോളേജ് വിദ്യാഭ്യാസ വകുപ്പ് ഉപ മേധാവിയുടെ സാമ്പത്തിക അധികാരത്തോട് കൂടിയുള്ള പൂർണ്ണ അധിക ചുമതല പട്ടാമ്പി എസ് എൻ ജി എസ് കോളേജ് പ്രിൻസിപ്പാളായ ഡോ എം ജ്യോതിരാജിന് നൽകി ഉത്തരവാകുന്നു

..........................................................................................................................................

ഉത്തരവ് നം ബി1/11224/2020/കോവിവ | തീയതി: 29.04.2020

..........................................................................................................................................

പരാമർശം : 31.03.2020 തീയതിയിലെ ഈ കാര്യാലയത്തിൽ നിന്നുള്ള മേൽ നമ്പർ ഉത്തരവ്

## <u>ഉത്തരവ്</u>

പരാമർശം ഒന്ന് ഉത്തരവ് പ്രകാരം കോഴിക്കോട്  കോളേജ് വിദ്യാഭ്യാസ വകുപ്പ് ഉപ മേധാവിയുടെ സാമ്പത്തിക  അധികാരത്തോട് കൂടിയുള്ള പൂർണ്ണ അധിക ചുമതല പേരാമ്പ്ര സി കെ ജി എം ഗവൺമെന്റ് കോളേജ് പ്രിൻസിപ്പാളായ ഡോ: വത്സല കിഴക്കേ കാർമലിന് സർക്കാർ സാധൂകരണത്തിന് വിധേയമായി അനുവദിച്ച് നൽകിയിരുന്നു. ലോക്ക് ഡൗണിനെ തുടർന്ന് താമസസ്ഥലത്ത് നിന്ന് കോഴിക്കോട്  കോളേജ് വിദ്യാഭ്യാസ വകുപ്പ് ഉപ മേധാവിയുടെ കാര്യാലയത്തിൽ എത്തി ചുമതലകൾ നിർവഹിക്കുന്നതിന് ടിയാൾക്ക് തടസ്സം  നേരിടുന്നതായി ശ്രദ്ധയിൽ പെട്ടതിന്റെ അടിസ്ഥാനത്തിൽ ഡോ: വത്സല കിഴക്കേ കാർമലിനെ കോഴിക്കോട് കോളേജ് വിദ്യാഭ്യാസ വകുപ്പ് ഉപ മേധാവിയുടെ അധിക ചുമതലയിൽ നിന്നും മാറ്റി പകരം പട്ടാമ്പി എസ് എൻ ജി എസ് കോളേജ് പ്രിൻസിപ്പാളായ ഡോ എം ജ്യോതിരാജിന് സാമ്പത്തിക അധികാരത്തോട് കൂടിയുള്ള പൂർണ്ണ അധിക ചുമതല സർക്കാർ സാധൂകരണത്തിന് വിധേയമായി നൽകി ഉത്തരവാകുന്നു.

ഒപ്പ്/-
വിഗ്നേശ്വരി  വി ഐ എ എസ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

ഡോ: വത്സല കിഴക്കേ കാർമൽ,
പ്രിൻസിപ്പൾ
പേരാമ്പ്ര സി കെ ജി എം ഗവൺമെന്റ് കോളേജ്

ഡോ എം ജ്യോതിരാജ്,.
പ്രിൻസിപ്പൾ
പട്ടാമ്പി എസ് എൻ ജി എസ് കോളേജ്

പകർപ്പ്: 1.പ്രിൻസിപ്പൾ സെക്രട്ടറി ഉന്നത വിദ്യാഭ്യാസ വകുപ്പ് ( ആമുഖ കത്ത് സഹിതം )
2. അക്കൗണ്ടന്റ് ജനറൽ കോട്ടയം
3. നടപ്പ് ഫയൽ / കരുതൽ ഫയൽ